പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3228 | 21.08.2017-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും

ചോദ്യം

ശ്രീ.വി.എസ്. ശിവകുമാർ

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവ മുടങ്ങിയതായ വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ശമ്പളവും പെൻഷനും മുടങ്ങാതെ കൃത്യമായി വിതരണം ചെയ്യുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലേക്കെത്തിക്കുന്നതിനുമായിട്ടുള്ള സമഗ്ര പാക്കേജിന്റെ ഭാഗമായി പ്രൊഫ.സുശീൽ ഖന്നയെ വിശദപഠനം നടത്തുവാൻ കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ. ടി.സി എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതു പ്രകാരം കെ.എസ്.ആർ.ടി.സിയ്ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 45 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത നടപടികളുടെ പൂർത്തീകരണം നടന്നു കഴിഞ്ഞാൽ ശമ്പളവും പെൻഷനും മുടങ്ങാതെ കൃത്യമായി വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | മുടങ്ങിയിട്ടുള്ള ശമ്പളവും പെൻഷനും ഓണത്തിന് മുമ്പായി വിതരണം ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ? | (സി) | വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുവാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. വായ്പ തുക എത്രയും വേഗം ലഭ്യമാക്കി ശമ്പളവും പെൻഷനും ഓണത്തിനു മുമ്പ് വിതരണം ചെയ്യുവാനുള്ള നടപടി കെ.എസ്.ആർ.ടി.സി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**